പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 942 — 30-06-2011-ലെ മറുപടിക്ക്

## തലശ്ശേരി മണ്ഡലത്തിലെ കുണ്ടുചിറ അണക്കെട്ട് പാലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) |
| (എ) തലശ്ശേരി മണ്ഡലത്തിലെ കുണ്ടുചിറ അണക്കെട്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; | (എ) ഗവൺമെന്റ് ഉത്തരവ് നമ്പർ. 1354/2009/PWD dated,14/9/09 പ്രകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് 347 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനായി 54.97 ലക്ഷം രൂപയുടെ ഭരണാനുമതി, ഗവൺമെന്റ് ഉത്തരവ് നമ്പർ 416/2011/PWD dated, 1/3/11 പ്രകാരം നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള നടപടി ക്രമങ്ങൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചു വരുന്നു. 22.30 മീറ്റർ വീതം 2 സ്പാനുകളുള്ള പാലത്തിന്റെ സാങ്കേതികാനുമതി നല്കുകയും പ്രവൃത്തി 2011 ജൂൺ 13 ന് ടെണ്ടർ നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) പാലം പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (ബി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ